റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്ന അരി

* 143. [146] ശ്രീ. ഒ. ഭരതൻ :
,, സി. ടി. കൃഷ്ണൻ :
,, വി. ജെ. തങ്കപ്പൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകളിൽകൂടി വിതരണം ചെയ്യുന്ന അരിയുടെ തോതു 320 ഗ്രാമിൽനിന്നും 220 ഗ്രാമായി കുറച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ; അതിനുള്ള കാരണമെന്ത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 1980-81 വർഷങ്ങളിൽ കേരളത്തിലെ റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ട അരിയുടെ തോത് പ്രായപൂർത്തിയായവർക്ക് ദിനം പ്രതി 320 ഗ്രാം എന്ന് നിശ്ചയിച്ചിരുന്നുവെങ്കിലും ഈ തോതനുസരിച്ച് സംസ്ഥാനമൊട്ടുക്കുമുള്ള കാർഡുടമകൾക്ക് നൽകത്തക്കവണ്ണം റേഷനരി ലഭ്യമല്ലായിരുന്നു. എല്ലാവർക്കും ഒരേ നിശ്ചിത തോതിലല്ല വിതരണം ചെയ്തതും. എന്നാൽ 1985 ഫെബ്രുവരിമുതൽ കേരള മൊട്ടാകെയുള്ള പ്രായപൂർത്തിയായവർക്കെല്ലാം ഒരേതോതിൽ ദിനം പ്രതി 220 ഗ്രാം വീതം റേഷനരി നൽകണമെന്ന് നിശ്ചയിച്ചതനുസരിച്ചു വിതരണം ചെയ്യുന്നുണ്ട്. 1980-81 എന്നീ വർഷങ്ങളിൽ ശരാശരി വിതരണം ചെയ്തിരുന്നതിന്റെ ഇരട്ടി റേഷനരിയാണ് സംസ്ഥാനത്തു ഇപ്പോൾ വിതരണം ചെയ്തു വരുന്നത്.

സ്വകാര്യ വ്യവസായികൾക്ക് നൽകിയ അരി മൊത്തവ്യാപാര ലൈസൻസ്

* 144. [147] ശ്രീ. കെ. ടി. കണാരൻ :
,, വി. കെ. രാജൻ :
,, പി. കുമാരൻ :
,, കെ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ജൂൺ മുതൽ 1985 സെപ്തംബർ 30 വരെ എത്ര സ്വകാര്യ വ്യാപാരികൾക്ക് അരിയുടെ മൊത്തവ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly